പന്ത്രണ്ട്

# മദ്ധ്യസ്ഥതയിൽ അനുഗ്രഹം

## മാർ മാത്യു അറയ്ക്കൽ

വിശുദ്ധിയിൽ ദൃഢം ചെയ്ത ചിന്തകൊണ്ടും നന്മയിൽ അധിഷ്ഠിതമായ ജീവിതംകൊണ്ടും അൾത്താരയിൽ വണക്കത്തിന് യോഗ്യനായ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഭാരതക്രൈസ്തവസഭയുടെ അഭിമാനമാണ്. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പരിശുദ്ധി നിറഞ്ഞ ഈ മഹാത്മാവിനെ യുഗപുരുഷൻ എന്നുതന്നെ വിശേഷിപ്പിക്കാം.

കേരളമെങ്ങും സന്യാസമഠങ്ങളും കൊവേന്തകളും സ്ഥാപിച്ച സന്യസ്തരുടെ സഭാപിതാവെന്ന നിലയിൽ മാത്രമല്ല, ആധ്യാത്മിക ആചാര്യൻ, സാംസ്കാരികനായകൻ, മനുഷ്യസ്നേഹി, സാഹിത്യപ്രതിഭ എന്നീ തലങ്ങളിലെല്ലാം പ്രകാശം പരത്തിയ ഗുരുശ്രേഷ്ഠനായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ.

ഭാരതകത്തോലിക്കാ സഭ ഇന്ന് സേവനംകൊണ്ട് രാജ്യവ്യാപക ആദരവും സത്പേരും പിടിച്ചുപറ്റുന്നുണ്ടെങ്കിൽ, അതിവിപുലമായ ഈ സംരംഭങ്ങൾക്കെല്ലാം ശിലപാകി ദർശനം നൽകിയത് ചാവറയച്ചനാണ്. സന്യസ്ത ആശ്രമജീവിതത്തെ സാമൂഹികമാക്കിയതും സേവനംകൊണ്ടും ശുശ്രൂഷകൊണ്ടും പുതിയൊരു ജീവിതക്രമത്തിനു രൂപം നല്കിയതും ഈ പിതാവാണ്.

സന്യാസത്തെ നിസ്വാർഥ സേവനത്തിനും നിഷ്കാമകർമത്തിനുമുള്ള മാധ്യമമാക്കി, സ്വന്തം ജീവിതമാതൃകകൊണ്ട് അതിനു സിദ്ധിചൈതന്യം നൽകിയ താപസശ്രേഷ്ഠനാണ് ചാവറയച്ചൻ. ആതുരസേവനം, വിദ്യാഭ്യാസം, സാംസ്കാരികപോഷണം, പുസ്തകപ്രസാധനം, അഗതി സംരക്ഷണം തുടങ്ങി സമസ്തരംഗങ്ങളിലും നന്മയും സ്നേഹവും വിതറാൻ ഈ ഗുരുനാഥന്റെ സന്യസ്തഗണങ്ങൾക്കാവുന്നു. ലോകമെങ്ങും സുവിശേഷദീപ്തി ചൊരിയുന്ന സി.എം.ഐ., സി.എം.സി. സമൂഹങ്ങൾക്കു ജന്മം

നൽകിയതു മാത്രമല്ല കാലോചിതമായ വീക്ഷണവും ദർശനവുംകൊണ്ട് ഈ സഭകളെ സമൃദ്ധമാക്കുകയും ചെയ്തു അദ്ദേഹം.

സന്യാസാശ്രമത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങുന്ന നിശ്ശബ്ദചര്യകളിൽ മാത്രമായി പരിമിതമായിരുന്നില്ല ചാവറയച്ചന്റെ വിശ്വാസവീക്ഷണം. പ്രാർഥനയിലും ഉപവാസത്തിലും ബ്രഹ്മചര്യത്തിലും ദൃഢം ചെയ്ത ആ മനസിന്റെ വിശുദ്ധി സമസ്തമേഖലകളിലും സേവനത്തിന്റെ പ്രഭ ചൊരിഞ്ഞു.

രണ്ടു നൂറ്റാണ്ടുമുമ്പ് ചാവറയച്ചന്റെ ചിന്തകളിലുണ്ടായ ദീർഘവീക്ഷണവും വികസന കാഴ്ചപ്പാടും തലമുറകൾക്ക് വിസ്മരിക്കാവുന്നതല്ല. അച്ചൻ കൈവയ്ക്കാത്ത, തുടക്കമിടാത്ത ഒരു പദ്ധതിയും ഇന്ന് ഭാരതസഭയിലില്ല.

അനാഥരായി അലയുന്ന ആകാശപറവകൾക്ക് അഭയം നല്കാൻ *ഉപവിശാല* എന്ന പേരിൽ ഒന്നര നൂറ്റാണ്ട് മുമ്പേ അദ്ദേഹം വാസസ്ഥലം സ്ഥാപിച്ചിരുന്നു. വർണവിവേചനവും അധഃകൃതപീഡനവും അടിമവേലയുമുണ്ടായിരുന്ന അക്കാലത്ത് അവശസഹോദരങ്ങളെ സ്വന്തമായി കണ്ടു വിദ്യാഭ്യാസം നല്കിയ ആ ചരിത്രം കാലം മറന്നുകൂടാ. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിക്കും മുമ്പേ അധഃകൃതസംരക്ഷണവും മാനവസൗഹാർദ്ദതയും ഉറപ്പാക്കാൻ അച്ചൻ രംഗത്തിറങ്ങി. മാന്നാനത്ത് തലമുറകളായി അക്ഷരവെളിച്ചം പകർന്നുവരുന്ന സെന്റ് ജോസഫ്സ് അച്ചടിശാല തുടങ്ങാൻ അച്ചൻ അനുഭവിച്ച ത്യാഗം വിസ്മരിക്കാവുന്നതല്ല.

മരഅച്ചിൽ അക്ഷരം കൊത്തിത്തുടങ്ങിയ ഈ മുദ്രണാലയം പിന്നീട് കേരളത്തിലെ ഏറ്റവും വലിയ പ്രസാധകശാലയായി; പത്രമുത്തശ്ശിയായ *ദീപിക*വരെ പുറത്തിറങ്ങിയ സാംസ്കാരിക കേന്ദ്രമായി വളർന്നു. ഈ അച്ചുകൂടം സ്ഥാപിക്കാൻ 1844-ൽ മാന്നാനത്തുനിന്നും തിരുവനന്തപുരത്തേക്ക് ഇദ്ദേഹം എത്ര ക്ലേശങ്ങൾ താണ്ടിയാണ് യാത്രചെയ്തത്.

കാലഘട്ടങ്ങളെ അതിജീവിക്കുകയും വ്യക്തിത്വത്തിന്റെ വശ്യശക്തിയാൽ ത്രികാലങ്ങളെ പ്രകാശമാനമാക്കുകയും ചെയ്ത ചാവറയച്ചന്റെ പുണ്യജീവിതം കേരളസഭയുടെ തന്നെ ചരിത്രമാണ്.

ചേന്നങ്കരിക്കടുത്ത് കൈനകരി, ചാവറ കുടുംബത്തിൽനിന്നും ദൈവഹിതമറിഞ്ഞ് സന്യാസത്തിലേക്കിറങ്ങി പാലയ്ക്കൽ തോമാ മല്പാനോടും പോരുക്കര തോമാ മല്പാനോടും ചേർന്ന് മാന്നാനം കുന്നിൽ 1831-ൽ സി.എം.ഐ. സഭയ്ക്ക് തുടക്കമിട്ടു. ഈ വലിയ സന്യാസസഭയുടെ പ്രിയോർ ജനറാൾ, സുറിയാനി സഭയുടെ വികാരി ജനറാൾ തുടങ്ങി ഉന്നത പദവികളിൽ സഭയെ നയിച്ചു. 1871 ജനുവരി മൂന്നിന് അദ്ദേഹം ദിവംഗതനായി.

കേരളസഭയെ ഉലച്ച ശീശ്മകൊടുങ്കാറ്റിനെ തടഞ്ഞു സുപന്ഥാവുകളിലൂടെ സഭയെ തനതു വ്യക്തിത്വത്തിൽ സംരക്ഷിച്ചുവളർത്തിയതിനു പിന്നിൽ വന്ദ്യപിതാവിന്റെ ദൃഢമായ സന്യാസചര്യയും ജീവിതവിശുദ്ധിയും പരിശുദ്ധ

കുർബാനയോടുള്ള ഭക്തിയുമാണ് ഘടകങ്ങളായത്. അതിമനോഹരമായ നിരവധി സാഹിത്യകൃതികളും കവിതാമഞ്ജരികളും ധ്യാനക്കുറിപ്പുകളും ആ ജ്ഞാനയോഗി കൈരളിക്ക് സമ്മാനിച്ചു. പരിശുദ്ധ കന്യകാമാതാവിനോടുള്ള ഹൃദയം നിറഞ്ഞ ഭക്തിയാൽ അദ്ദേഹം രചിച്ച ജപങ്ങളും കവിതകളും ആരാധനാസുക്തങ്ങളും കുടുംബപ്രാർഥനകളും തലമുറകളുടെ പ്രാർഥനാജീവിതത്തിന് ഇവിടെ ചൈതന്യമായി.

കുടുംബജീവിതത്തിന്റെ സുസ്ഥിരത, പ്രാർഥനാധിഷ്ഠിതമായ കുടുംബജീവിതം, കൂട്ടായ്മ എന്നിവ വളർത്താൻ അദ്ദേഹം യത്നിച്ചു. കുടുംബഭദ്രത വളർത്താൻ ഉതകുംവിധം ധ്യാനം നയിക്കാൻ അനുയായികളെ പരിശീലിപ്പിച്ചു. നാല്പതുമണി ആരാധന ഉൾപ്പെടെയുള്ള ധ്യാനശുശ്രൂഷകളുടെ ആചാര്യനും ഇദ്ദേഹമാണ്.

എല്ലാ പ്രതിസന്ധികളെയും എതിർപ്പുകളെയും തരണം ചെയ്യാൻ പ്രാർഥനയിലും ഉപവാസത്തിലുമാണ് ചാവറയച്ചൻ ആശ്രയിച്ചത്. അതിൽ തന്നെ ദിവ്യകാരുണ്യ ആരാധനയും പരിശുദ്ധമാതാവിനോടുള്ള അപേക്ഷയും ജപമാലയും ചാവറയച്ചന്റെ ജീവിതത്തിന് ബലവും മനസിന് പ്രകാശവുമായി.

മാമ്മോദീസായിൽ ലഭിച്ച പരിശുദ്ധി ഒരിക്കലും നഷ്ടപ്പെടാനിടയാകാതെ ദൈവം സംരക്ഷിച്ചുവെന്ന് മരണക്കിടക്കയിലും ആശ്രമവാസികളോട് ഏറ്റുപറഞ്ഞ് സ്തുതിപ്പുകളോടെ ജീവിതം ദൈവത്തിന് സമർപ്പിച്ച ഈ പുണ്യചര്യൻ സന്യസ്തസമൂഹത്തിന് എന്നും മാതൃകയും ഗുരുവുമാണ്. ഭൗതികവേർപാടിനുശേഷം നിത്യപറുദീസയിലെത്തിയ ഈ പിതാവ് മദ്ധ്യസ്ഥത തേടുന്നവർക്കെല്ലാം അനുഗ്രഹത്തിന്റെ പെരുമഴ വർഷിക്കുന്നു.

അൾത്താരയിൽ വണക്കത്തിന് അർഹനായ ചാവറയച്ചന്റെ മധ്യസ്ഥതയാൽ നാനാജാതി മതസ്ഥർക്ക് ഒട്ടനവധി അനുഗ്രഹങ്ങൾ ലഭിച്ചുവരുന്നു. മാന്നാനംപള്ളിയിൽ മെഴുകുതിരികൾ എരിഞ്ഞടങ്ങാത്ത കബറിടത്തിൽ അനുഗ്രഹം തേടിയെത്തുന്ന അനേകർക്ക് അത്ഭുതകരമായ ശാന്തിയും സമാധാനവും ലഭിക്കുന്നു.

ആഗോളകത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986 ഫെബ്രുവരി എട്ടിന് അച്ചന്റെ പാദസ്പർശമുള്ള കോട്ടയത്തെത്തി സഭയുടെ പ്രഗത്ഭസന്താനത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി. കേരള കത്തോലിക്കാസഭ അഭിമാന പുളകിതമായ നിമിഷമായിരുന്നു അത്. ആ നിമിഷത്തിന്റെ കൂടുതൽ മഹത്തരമായ പുനരാവർത്തനത്തിന് കാലം കാതോർത്തിരിക്കുകയാണിപ്പോൾ. വിശുദ്ധിയുടെ ജീവിതപർവ്വവുമായി, ദർശനപുണ്യവുമായി ചാവറചൈതന്യത്തെ ഉൾച്ചേർക്കുന്ന നാമകരണത്തിന്റെ സുമുഹൂർത്തത്തിനായി സഭാഹൃദയം പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്നു. ■